LIBRARY ARCHIVES Kerala Legislative Assembly

ഭവനനിർമ്മാണ ബോർഡിന്റെ കോമ്പൗണ്ടിൽ അനധികൃത കയ്യേറ്റം

142 (4724) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കവടിയാർ പണ്ഡിറ്റ് കോളനിക്കുസമീപം സ്ഥിതി ചെയ്യുന്ന സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഫ്ലാറ്റ് സമുച്ചയത്തിന്റെ കോമ്പൗണ്ടിൽ ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവരുടെ അനുമതി തേടാതെ ഏതാനും ചിലർ ചേർന്ന് അനധികൃതമായി ഭൂമി കയ്യേറ്റം നടത്തി കാർഷെഡ്ഡുകൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതു പൊളിച്ചുമാറ്റാനും ഈ അനധികൃത നിർമ്മാണം നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ ?

ഉത്തരം

(എ) തിരുവനന്തപുരം കവടിയാർ പണ്ഡിറ്റ് കോളനി ഭവന പദ്ധതിയിലെ ഫ്ലാറ്റ് സമുച്ചയത്തിന്റെ കോമ്പൗണ്ടിൽ ഭവനനിർമ്മാണ ബോർഡിന്റെ അനുമതി കൂടാതെ 9 താൽക്കാലിക കാർ ഷെഡ്ഡുകൾ പണിതതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കാർഷെഡ്ഡുകൾ പൊളിച്ചുമാറ്റുന്നതിനായി 23-2-2015 തീയതിയിലെ E2/Panditscolony/91/Vol. II നമ്പർ കത്തുപ്രകാരം പണ്ഡിറ്റ്സ് കോളനി വെൽഫയർ അസോസിയേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മെട്രോപോളിറ്റൻ നഗരങ്ങളിൽ സംസ്ഥാന ഹൗസിംഗ് ബോർഡ് മുഖേന ഹൗസിംഗ് കോംപ്ലക്സുകൾ

143 (4725) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് മുഖേന കേരളത്തിലെ മെട്രോപോളിറ്റൻ നഗരങ്ങളിൽ കൂടുതൽ ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഹൗസിംഗ് ബോർഡിനെ, കൂടുതൽ പാർപ്പിട നിർമ്മാണ പ്രവൃത്തികൾ ഏല്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഭവനനിർമ്മാണ ബോർഡ് സംസ്ഥാനത്തുള്ള 3 മെട്രോപോളിറ്റൻ നഗരങ്ങളിൽ പാർപ്പിട സമുച്ചയങ്ങൾ പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളിൽനിന്നും ഫ്ലാറ്റിന്റെ വിൽപ്പനവില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മുൻകൂറായി ശേഖരിച്ച കൊണ്ടാണ് പാരസ്പര്യം പദ്ധതികൾ നടപ്പിലാക്കുന്നത്.

തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ അമ്പലനഗറിൽ 64 ഫ്ലാറ്റുകളും എറണാകുളം പനമ്പിള്ളി നഗറിൽ 31 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഇരുമ്പനത്ത് Phase 1 & 2 ആയി 75 ഫ്ലാറ്റുകളും തൃക്കാക്കരയിൽ 100 ഫ്ലാറ്റുകളും കുമാരനാശാൻ നഗറിൽ 28 ഫ്ലാറ്റുകളും കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം 36 ഫ്ലാറ്റുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഹൗസിംഗ് ബോർഡിനെ കൂടുതൽ പാർപ്പിട നിർമ്മാണ പ്രവൃത്തികൾ ഏല്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭിക്കുമ്പോൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ജീവനക്കാർക്കായുള്ള ഭവന പദ്ധതി

144 (4726) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, പൊതുമേഖലാസ്ഥാപനജീവനക്കാർക്കുവേണ്ടി സർക്കാർ ഭവന പദ്ധതി നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും പൂർണ്ണരൂപത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്കുവേണ്ടി സർക്കാർ ഭവന പദ്ധതി നിലവിലുണ്ട്. എന്നാൽ പൊതുമേഖലാ ജീവനക്കാർക്കുവേണ്ടി സർക്കാർ ഭവന പദ്ധതി നിലവിലില്ല

(ബി) പൊതുമേഖലാ ജീവനക്കാർക്കുവേണ്ടി സർക്കാർ ഭവന പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly